**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5104** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭവന നിർമ്മാണ ബോർഡിന്റെ കീഴിൽ ആക്കുളം, വളവനാട് എന്നീ സ്ഥലങ്ങളിലുള്ള ഭൂമി ഏറ്റെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ആക്കുളത്തുള്ള 14.67ഏക്കർ ഭൂമിയിൽ നിന്നും 6ഏക്കർ ഭൂമി 27.07.2011 ലെ G.O (Ms) No.279/2011/RD പ്രകാരം രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിക്കും, 05.02.2021 ലെ G.O (Ms)No.42/2021/Rev പ്രകാരം 2 ഏക്കർ ഭൂമി യു.എ.ഇ. കോൺസുലേറ്റ്, വിദേശ് ഭവൻ എന്നിവയ്ക്കായും, 26.02.2021 ലെ G.O (Ms) No.90/2021/Rev പ്രകാരം 4 ഏക്കർ ഭൂമി സത്സംഗ് ഫൗണ്ടേഷനും വ്യവസ്ഥകളോടെ പാട്ടത്തിന് കൈമാറാൻ ഉത്തരവായിട്ടുണ്ട്.<br><br>കൂടാതെ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ വളവനാട്ടുള്ള 6.76ഏക്കർ ഭൂമിയിൽ നിന്നും ഒരു ഭാഗം വസ്തു ആലപ്പുഴ വികസന പദ്ധതിയുടെ ഭാഗമായി മൊബിലിറ്റി ഹബ് നിർമ്മിക്കുന്നതിനായി കെ. എസ്. ആർ. ടി. സി. ഗ്യാരേജ് മാറ്റി സ്ഥാപിക്കുന്നതിന് കൈമാറുവാൻ ബോർഡ് NOC നൽകിയിരുന്നു. ആയതിലേക്ക് ലീസ് എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വളവനാട്ടെ ഭൂമി സർക്കാരിന് കൈമാറുന്ന നടപടി ക്രമം പൂർത്തീകരിക്കുന്ന ഘട്ടത്തിൽ ആയതിന് നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയവും പരിശോധിക്കുന്നതാണ്. .<br><br>കൂടാതെ ആക്കുളത്തെ ഭൂമി ഏറ്റെടുത്തതിന് പകരം ഭൂമിയോ, മാർക്കറ്റ് വിലയോ നാളിതുവരെ ബോർഡിന് അനുവദിച്ചിട്ടില്ല. പ്രസ്തുത ഭൂമിയുടെ നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയം പരിശോധിച്ചു വരികയാണ്. |
| (ബി) | ഏതൊക്കെ പ്രൊജക്ടുകൾക്ക് വേണ്ടിയാണ് പ്രസ്തുത | (ബി) | സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ |

| | | | |
|---|---|---|---|
| | ഭൂമി ഏറ്റെടുത്തതെന്ന് വ്യക്തമാക്കുമോ; ഇപ്രകാരം ഭൂമി ഏറ്റെടുത്തതിന് പകരം ഭൂമിയോ നഷ്ടപരിഹാരമോ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ അടിയന്തരമായി നഷ്ടപരിഹാരം അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ; | | ആക്കുളത്തുള്ള 14.67ഏക്കർ ഭൂമിയിൽ നിന്നും 6ഏക്കർ ഭൂമി 27.07.2011 ലെ G.O (Ms) No.279/2011/RD പ്രകാരം രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിക്കും, 05.02.2021 ലെ G.O (Ms)No.42/2021/Rev പ്രകാരം 2 ഏക്കർ ഭൂമി യു.എ.ഇ. കോൺസുലേറ്റ്, വിദേശ് ഭവൻ എന്നിവയ്ക്കായും, 26.02.2021 ലെ G.O (Ms) No.90/2021/Rev പ്രകാരം 4 ഏക്കർ ഭൂമി സത്സംഗ് ഫൗണ്ടേഷനും വ്യവസ്ഥകളോടെ പാട്ടത്തിന് കൈമാറാൻ ഉത്തരവായിട്ടുണ്ട്.<br><br>കൂടാതെ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ വളവനാടുള്ള 6.76ഏക്കർ ഭൂമിയിൽ നിന്നും ഒരു ഭാഗം വസ്തു ആലപ്പുഴ വികസന പദ്ധതിയുടെ ഭാഗമായി മൊബിലിറ്റി ഹബ് നിർമ്മിക്കുന്നതിനായി കെ. എസ്. ആർ. ടി. സി. ഗ്യാരേജ് മാറ്റി സ്ഥാപിക്കുന്നതിന് കൈമാറുവാൻ ബോർഡ് NOC നൽകിയിരുന്നു. ആയതിലേക്ക് ലീസ് എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വളവനാട്ടെ ഭൂമി സർക്കാരിന് കൈമാറുന്ന നടപടി ക്രമം പൂർത്തീകരിക്കുന്ന ഘട്ടത്തിൽ ആയതിന് നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയവും പരിശോധിക്കുന്നതാണ്. .<br><br>കൂടാതെ ആക്കുളത്തെ ഭൂമി ഏറ്റെടുത്തതിന് പകരം ഭൂമിയോ, മാർക്കറ്റ് വിലയോ നാളിതുവരെ ബോർഡിന് അനുവദിച്ചിട്ടില്ല. പ്രസ്തുത ഭൂമിയുടെ നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയം പരിശോധിച്ചു വരികയാണ്. |
| (സി) | സർക്കാർ ജീവനക്കാരുടെ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് ഭവന നിർമ്മാണ ബോർഡ് വഴി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | നിലവിൽ പരിഗണനയിലില്ല. |
| (ഡി) | കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഹൗസിംഗ് ബോർഡിനെ രക്ഷിക്കാൻ കൂടുതൽ സർക്കാർ പദ്ധതികൾ ഏൽപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ